# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 76 — 12/12/2012-ൽ മറുപടിക്ക്

## ആദിവാസി മേഖലകളിലെ ദാരിദ്ര്യവും അകാലമരണവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഹംസ<br>,, എ. കെ. ബാലൻ<br>,, പി. റ്റി. എ. റഹീം<br>പ്രൊഫ. സി. രവീന്ദ്രനാഥ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | അട്ടപ്പാടിയുൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ ദാരിദ്ര്യവും പോഷാകാഹാരക്കുറവും മൂലം അകാലമരണം വർദ്ധിച്ചുവരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | ബി | ഇല്ല. |
| സി | ആദിവാസികൾക്ക് ചികിത്സ നിഷേധിക്കപ്പെടാനും മതിയായ ചികിത്സ കിട്ടാതെ മരിക്കാനും കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | സി | ആദിവാസികൾക്ക് മതിയായ ചികിത്സ നിഷേധിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെടുന്ന സന്ദർഭങ്ങളിൽ സർക്കാർ നടപടി സ്വീകരിക്കാറുണ്ട്. വയനാട് ജില്ലയിൽ സുൽത്താൻബത്തേരി താലൂക്കിൽ മേലത്തൂർ പണിയ കോളനിയിൽ താമസിച്ചിരുന്ന ഒരു ആദിവാസി മതിയായ ചികിത്സ കിട്ടാതെ മരിക്കാനിടയായ സംഭവത്തിൽ ഒരു ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസറുടെ ഭാഗത്ത് നിന്നും അനാസ്ഥ ഉണ്ടെന്ന് കണ്ടതിനെതുടർന്ന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ